പതിമൂന്നാം കേരള നിയമസഭ

ഒൻപതാംസമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 335 — 25.06.2013ൽ മറുപടിയ്ക്ക്

## ഇ-ഫയലിംഗ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജി. സുധാകരൻ<br>ശ്രീ.എം.എ.ബേബി<br>ശ്രീ. വി.ശിവൻകുട്ടി<br>ശ്രീ.ആർ.രാജേഷ് | ശ്രീ. പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| എ സർക്കാർ വകുപ്പുകളിലും സ്ഥാപനങ്ങളിലും ഇ-ഫയലിംഗ് നടപ്പിലാക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; | എ ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ ഉന്നത വിദ്യാഭ്യാസം, വിവര സാങ്കേതിക വിദ്യ, ഭക്ഷ്യവും-പൊതു വിതരണവും എന്നീ വകുപ്പുകളിൽ ഡിജിറ്റൽ ഡോക്യുമെന്റ് ഫയൽ സിസ്റ്റം എന്ന പേരിലും നിയമവകുപ്പിൽ ലിംസ് എന്ന പേരിലും കടലാസ് രഹിത ഫയൽ സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.കേരള സംസ്ഥാന ഐ.റ്റി. മിഷൻ, കേരള സംസ്ഥാന സസ്റ്റൈനബിൾ അർബൻ ഡവലപ്മെന്റ് പ്രോജക്റ്റ് (കെ.എസ്.യു.ഡി.പി), അക്ഷയ, സിറ്റിസെൻ കോൾ സെന്റർ, കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (കെ.എസ്.ഐ.ടി.ഐ.എൽ), അനർട്ട്, സ്റ്റേറ്റ് ഇ-ഗവേർണൻസ് മിഷൻ ടീം (എസ്.ഇ.എം.ടി),മോണോ റെയിൽ എന്നീ സ്ഥാപനങ്ങളിലും കടലാസ് രഹിത ഫയൽ സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| ബി | ഇ-ഫയലിംഗ് നടപ്പിലാക്കാൻ വികസിപ്പിച്ചെടുത്ത സോഫ്റ്റ് വെയറിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച് എന്തെങ്കിലും തടസ്സം നിലവിലുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കാമോ; | ബി | ഇല്ല. |
| സി | ടെക്നോപാർക്കിലെ സ്വകാര്യ കമ്പനിയുടെ സഹായത്തോടെ വികസിപ്പിച്ചെടുത്ത ഈ സോഫ്റ്റ് വെയർ ഐ.ടി.മിഷന്റെ പൂർണ്ണ ഉടമസ്ഥതയിലാണെന്ന് കെൽട്രോൺ അധികൃതർ വ്യക്തമാക്കിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ; | സി | സെക്രട്ടേറിയറ്റിൽ നൽകിയിരിക്കുന്ന ഇലക്ട്രോണിക് ഫയലിംഗ് സോഫ്റ്റ് വെയർ ഉപയോഗിക്കുന്നതിനും മാറ്റംവരുത്തുന്നതിനും പരിപാലിക്കുന്നതിനുമുള്ള പൂർണ്ണ സ്വാതന്ത്ര്യം ഐ.ടി.മിഷന് ഉണ്ടെന്ന് കെൽട്രോൺ അറിയിച്ചിട്ടുണ്ട്. |
| ഡി | ഇ-ഫയലിംഗ് നടപ്പിലാക്കാൻ താല്പര്യപ്പെട്ടുകൊണ്ട് കോഴിക്കോട് സർവ്വകലാശാല സർക്കാരിനോടോ കെൽട്രോണിനോടോ ആവശ്യപ്പെട്ടിരുന്നോ; | ഡി | കെൽട്രോണിനോട് ആവശ്യപ്പെട്ടിരുന്നു. |
| ഇ | എങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ? | ഇ | കെൽട്രോണിന്റെ സഹായത്തോടെ ഡി.ഡി.എഫ്.എസ് സംവിധാനം കോഴിക്കോട് സർവ്വകലാശാലയിൽ നടപ്പിലാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ